4795
7/3/18

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം ജില്ല - വാഹനാപകടത്തിൽ മരണമടഞ്ഞ തിരുവനന്തപുരം സ്വദേശികളായ വിജയകുമാർ-ബിന്ദു ദമ്പതികളുടെ കുട്ടികളുടെ സംരക്ഷണത്തിനും തുടർ പഠനത്തിനും ധനസഹായം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

**സ.ഉ.( കൈ)നം: 85/2018/റവ.** **തിരുവനന്തപുരം, തീയതി, 05/03/2018**

പരാമർശം: 1. കൊല്ലം ജില്ലാകളക്ടറുടെ 16/08/2017-തീയതിയിലെ എം.8-35498/2017 നമ്പർ കത്ത്
2. പത്തനംതിട്ട ജില്ലാകളക്ടറുടെ 06/01/2018-തീയതിയിലെ എഫ്6-154027/2018-നമ്പർ കത്ത്
3. തിരുവനന്തപുരം ജില്ലാകളക്ടറുടെ 17/01/2018-തീയതിയിലെ എ 5-ഇ 108640/2017- നമ്പർ കത്ത്

**ഉത്തരവ്**

18/04/2017-ന് ദേശീയപാത 744-ൽ കൊല്ലം കുന്നിക്കോട് എന്ന സ്ഥലത്ത് വച്ച് നടന്ന വാഹനാപകടത്തിൽ മരണമടഞ്ഞ തിരുവനന്തപുരം സ്വദേശികളായ വിജയകുമാർ-ബിന്ദു ദമ്പതികളുടെ കുട്ടികളായ വർഷ, വൈഷ്ണവി എന്നിവർക്ക് വീട്ട നിർമ്മിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5,00,000 /- (അഞ്ചുലക്ഷം) രൂപ അനുവദിച്ചുകൊണ്ടും കുട്ടികളുടെ ഉപരിപഠനത്തിനായി ഓരോ കുട്ടിയുടെ പേരിലും 1,00,000/ (ഒരു ലക്ഷം) രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. കുട്ടികളുടെ അച്ഛന്റെ തിരുവനന്തപുരത്തുള്ള സ്ഥലത്ത് വീട് നിർമ്മിച്ച നൽകുന്നതിനും ഉപരിപഠനത്തിനായി അനുവദിച്ച തുക കുട്ടികളുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ സ്ഥിരനിക്ഷേപം ചെയ്യുന്നതിനും പലിശ കുട്ടികളുടെ പഠനാവശ്യത്തിന് ലഭിക്കത്തക്ക വിധത്തിലും 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് നിക്ഷേപം പിൻവലിച്ച് തുക കുട്ടികൾക്ക് നൽകുന്ന വിധത്തിലും വ്യവസ്ഥകൾ ചെയ്യുന്നതിനും, തിരുവനന്തപുരം ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

2. വിതരണത്തിനു വേണ്ടിവരുന്ന 7,00,000/- (ഏഴ് ലക്ഷം രൂപ ) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാകളക്ടർ മേൽ പറഞ്ഞ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

3. കുട്ടികളെ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ 'സ്നേഹപൂർവ്വം' പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് സാമൂഹ്യ നീതി വകുപ്പ് പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ,**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ജില്ലാ കളക്ടർ, തിരുവനന്തപുരം
തഹസീൽദാർ, നെയ്യാറ്റിൻകര
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
സാമൂഹ്യ നീതി വകുപ്പിന് (കുട്ടികളെ സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച ഉത്തരവ് ടി വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്നതിനായി മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
റവന്യൂവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
റവന്യൂ (ഡിആർഎഫ്-ബി/സി) വകുപ്പുകൾക്ക്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Soumi. Uma. A. S.

സെക്ഷൻ ആഫീസർ.